# ക്രിസ്തീയ ചാരിറ്റബിൾ സംഘടനകൾക്കെതിരെ ഇന്ത്യാ ഗവണ്മെന്റിന്റെ രഹസ്യയുദ്ധം

### ജോർജ് ഏബ്രഹാം

ഇൻഡ്യയിലെ 580 അംഗീകൃത കേന്ദ്രങ്ങൾ വഴി അമേരിക്കയിൽ നിന്നും ലഭിക്കുന്ന ഫണ്ടുപയോഗിച്ച് ഒരുലക്ഷത്തി നാല്പത്തയ്യായിരം ദരിദ്രകുട്ടികൾക്ക് സഹായം നല്കിവരുകയായിരുന്ന ഒരു ക്രിസ്തീയ ചാരിറ്റബിൾ സംഘടനയാണ് കമ്പാഷൻ ഇന്റർനാഷണൽ. എന്നാൽ കമ്പാഷന് ലഭിച്ചിരുന്ന സഹായം ഒരു മുന്നറിയിപ്പുമില്ലാതെ ഇന്ത്യാ ഗവണ്മെന്റ് പെട്ടെന്ന് നിർത്തലാക്കി. ഇതു സംബന്ധിച്ച് കൊളൊറാഡോയിൽ നിന്നുള്ള സെനറ്റർ കോറിഗാർഡനർ നല്കിയ വിശദീകരണം യു.എസ്. സ്റ്റേറ്റ് സെക്രട്ടറി റെക്സ് ടില്ലേഴ്സന്റെ ശ്രദ്ധയിൽപെടുത്തുകയുണ്ടായി.

ഒരു ക്രിസ്തീയ സംഘടനയാണെന്ന ഏകകാരണത്താൽ 2014 മുതൽ ഗവണ്മെന്റിന്റെ വിവിധ തരത്തിലുള്ള ആക്രമണങ്ങൾക്ക് കമ്പാഷൻ ഇരയായിട്ടുണ്ട്. ആയിരക്കണക്കിനു കുഞ്ഞുങ്ങൾക്ക് മനുഷ്യോന്മുഖ സേവനങ്ങൾ നല്കിവരികയായിരുന്നു ഈ സംഘടന. യാതൊരു നിയമലംഘനവും നടത്തിയിട്ടില്ലെങ്കിലും 2016 ഫെബ്രുവരി മുതൽ ഇന്ത്യാ ഗവണ്മെന്റ് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ മൂലം കമ്പാഷൻ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുകയാണ്. കമ്പാഷൻ ഇന്റർനാഷണലിനോട് ഇന്ത്യാ ഗവണ്മെന്റ് കാട്ടുന്ന ഈ മോശമായ പെരുമാറ്റം അവസാനിപ്പിക്കുന്നതിന് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് ശ്രദ്ധിക്കണമെന്നും, ഇൻഡ്യയിലെ ഇതര എൻ.ജി.ഒകളും ഇതേ പ്രതിസന്ധി നേരിടാൻ ഇടയുണ്ടെന്നും ഗാർഡനർ പ്രസ്താവിച്ചു.

ഈ സംഭവം ശ്രദ്ധയിൽപ്പെടുത്തിയതിന് ഗാർഡനറെ അഭിനന്ദിച്ച ടില്ലേഴ്സൺ, ഇതു സംബന്ധിച്ച് വ്യക്തമായ വിവരം ലഭിച്ച ശേഷം സെനറ്ററോടൊപ്പം ഇതിനായി പ്രവർത്തിക്കാം എന്നു സമ്മതിച്ചു. കഴിഞ്ഞ ഒരു വർഷത്തോളമായി ഇക്കാര്യത്തിൽ ഇൻഡ്യാ ഗവണ്മെന്റുമായി നിരന്തരം സമ്പർക്കം പുലർത്തിയിരുന്ന ഫോറിൻ റിലേഷൻസ് കമ്മറ്റിയുടെ ചെയർമാൻ ബോബ് കോർക്കറും ഈ വിഷയം ഉന്നയിച്ചതിന് സെനറ്റർ ഗാർഡനറോടു നന്ദി പറയുകയും, ഹൗസ് ഇന്റർനാഷണൽ കമ്മറ്റിയുടെ ചെയർമാൻ എഡ്റോയിസും ഇക്കാര്യം പരിഗണിച്ചിട്ടുണ്ടെന്ന് അറിയിക്കുകയും ചെയ്തു.

മനുഷ്യസ്നേഹത്തിനു വിലക്കു കല്പിക്കുന്ന നടപടിയാണ് ഇന്ത്യയിൽ ഗവണ്മെന്റിതര സംഘടനകളോടു കാണിക്കുന്ന ഇത്തരം നിയന്ത്രണങ്ങൾ. മോദിയുടെ സങ്കുചിത മനോഭാവത്തിനും, രാജ്യ സംരക്ഷണ ദർശനത്തിനും കൂട്ടുനില്ക്കാത്തവരെയെല്ലാം ഇല്ലായ്മ ചെയ്യുക എന്ന ഗൂഢ ലക്ഷ്യമാണ് ഇവിടെ പ്രായോഗികമാക്കുന്നത്.

ഇൻഡ്യയിലെ ദരിദ്രജനതയെ ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെ സഹായിക്കുന്നതിൽ എൺപതു ശതമാനവും നിർവ്വഹിക്കുന്നത് ക്രിസ്തീയ ഗവണ്മെന്റിതര സംഘടനകളാണ്. 1968 മുതൽ ഇൻഡ്യയിൽ പ്രവർത്തിക്കുന്ന കമ്പാഷൻ വഴി 1,45,000 കുട്ടികൾക്ക് പ്രയോജനം ലഭിക്കുന്നുണ്ട്. ഇൻഡ്യയിലെ നിർദ്ധനരായ കുഞ്ഞുങ്ങൾക്ക് മനുഷ്യോന്മുഖ പ്രവർത്തനം നടത്തുവാനായി പ്രതിവർഷം 50 മില്യൻ ഡോളറാണ് കമ്പാഷനിലൂടെ ഇൻഡ്യയ്ക്കു ലഭിച്ചിരുന്നത്. ഇൻഡ്യയ്ക്കു ലഭിച്ചിരുന്ന ഏറ്റവും വലിയ ധനസഹായമായിരുന്നു അത് എന്ന് കമ്പാഷന്റെ യു.എസ്. കമ്മ്യൂണിക്കേഷൻ ഡയറക്ടർ ടിം ഗ്ലെൻ പറഞ്ഞു.

മോദി ഗവണ്മെന്റ് 'കമ്പാഷനെ' അടച്ചുപൂട്ടുന്നതുവഴി അവശ്യ സഹായം ലഭിക്കേണ്ട ഒരു വലിയ വിഭാഗം ജനസമൂഹം ദുരിതത്തിലായിരിക്കുന്നത് ചർച്ചചെയ്യപ്പെടേണ്ട കാര്യമാണ്. രാഷ്ട്രീയ ചർച്ചകൾ പോലെ ഇത്തരം വിഷയങ്ങൾ പലപ്പോഴും ശ്രദ്ധിക്കപ്പെടാറില്ല. രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥ മേധാവികളും ഇത്തരം നശീകരണപ്രക്രിയകൾ നടത്തുമ്പോൾ അതിന്റെ ദൂഷ്യഫലം അനുഭവിക്കുന്നത് സമൂഹത്തിലെ ദരിദ്രവിഭാഗമാണ്. കമ്പാഷനിൽ ഉൾപ്പെട്ട കുഞ്ഞുങ്ങളുടെ ഭാവി ഭദ്രമാക്കുന്നതിനുള്ള യാതൊരു നടപടിയും കൈക്കൊണ്ടിട്ടില്ല. കഴിഞ്ഞ ഏപ്രിൽ മുതൽ മോദി ഗവണ്മെന്റ് കമ്പാഷന്റെ 3.5 മില്യൻ ഡോളറാണ് തടഞ്ഞതെന്ന് കമ്പാഷൻ പ്രസിഡന്റും സി.ഇ.ഒയുമായ സാന്റിയാകോ മെല്ലാഡോ ഒരു ലേഖനത്തിൽ എഴുതി. കമ്പാഷൻ ക്രിസ്തീയ മൂല്യങ്ങളിലധിഷ്ഠിതവും സ്ഥാപിതവുമാണെന്ന ഏകകാരണം മാത്രമേ ഇതിനു പിന്നിലുള്ളൂ. ക്രിസ്തീയ മൂല്യങ്ങൾ ദേശീയ താല്പര്യങ്ങൾക്ക് ഒരു ഭീഷണിയാണെന്നും സാധുക്കളെ അതു പഠിപ്പിക്കുന്നത് കുറ്റകരമാണെന്നും ഇന്ത്യയുടെ മിനിസ്ട്രി ഓഫ് ഹോം അഫയേഴ്സ് കരുതുന്നുണ്ടാവാം എന്ന് ചാരിറ്റിക്കു നേതൃത്വം നല്കുന്ന അറ്റോണി സ്റ്റീഫൻ ഓക്ക്ലേ പറഞ്ഞു.

2016 ഡിസംബറിൽ കമ്പാഷൻ ഇന്റർനാഷണലിന്റെ ഇൻഡ്യയിലെ പ്രവർത്തനങ്ങളെക്കുറിച്ച് ഫോറിൻ അഫയേഴ്സ് കമ്മറ്റിയുടെ ചെയർമാൻ എഡ്റോയ്സ് ശ്രവിക്കുകയുണ്ടായി. "ഇൻഡ്യയിലെ അമേരിക്കൻ

കമ്പാഷൻ: ഗവണ്മെന്റ് തടസ്സങ്ങൾ" എന്നതായിരുന്നു വിഷയം. എല്ലാ തലങ്ങളിലുമുള്ള കമ്പാഷൻ പ്രവർത്തനങ്ങളെ വിശകലനം ചെയ്തു പഠിക്കുകയും ചർച്ച ചെയ്യുകയും ചെയ്തുവെങ്കിലും അനുകൂലമായ ഒരു തീരുമാനത്തിലെത്താൻ കഴിഞ്ഞില്ല.

ഇന്ത്യയെ ഒരു വിവിധ സംസ്കാര, ബഹുമുഖ സമൂഹമായി വളർത്തുന്നതിനുള്ള ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് ഒരു വെല്ലുവിളിയാണ് ഹിന്ദുത്വ തത്വസംഹിതയിലധിഷ്ഠിതമായ മോദി ഗവണ്മെന്റിന്റെ ഈ നീക്കം. വിദേശ രാജ്യങ്ങൾ സന്ദർശിക്കുമ്പോൾ മോദി ഗാന്ധിജിയുടെ സ്വപ്നങ്ങളെ താലോലിച്ചു സംസാരിക്കുമെങ്കിലും അങ്ങനെയുള്ള സ്ഥാപനങ്ങൾ ഇന്ത്യയിൽ ആക്രമിക്കപ്പെടുമ്പോൾ അദ്ദേഹം മൗനമവലംബിക്കും.

ബി.ജെ.പി ഗവണ്മെന്റ് ക്രിസ്തീയ സംഘടനകൾക്ക് വിദേശത്തു നിന്നും ഫണ്ട് സ്വീകരിക്കുന്നതിന് നിയന്ത്രണവും വിലക്കുകളും ഏർപ്പെടുത്തിയിരിക്കെ സംഘപരിവാർ പോലെയുള്ള സംഘടനകൾ വിദേശ രാജ്യങ്ങളിൽനിന്നും ലക്ഷക്കണക്കിനു ഡോളർ ശേഖരിക്കുന്നുവെന്ന യാഥാർത്ഥ്യം ശ്രദ്ധിക്കേണ്ടതാണ്. യുണൈറ്റഡ് സ്റ്റേറ്റ്സ് കമ്മീഷൻ ഫോർ ഇന്റർനാഷണൽ റിലീജിയസ് ഫ്രീഡം (UNCIRF) അടുത്തകാലത്ത് പുറത്തിറക്കിയ ഒരു റിപ്പോർട്ട് ഇപ്രകാരമാണ്: "ഇൻഡ്യൻ ഗവണ്മെന്റ് ചില എൻ.ജി.ഒ കൾക്ക് വിദേശ സംഭാവനകൾ നിയന്ത്രിക്കുന്നതിനായി FCRA നിയമങ്ങൾ നവീകരിക്കുകയും ഹിന്ദുത്വ പിന്തുണയുള്ള സംഘടനകളെ ഈ നിയന്ത്രണങ്ങളിൽ ഉൾപ്പെടുത്താതിരിക്കുകയും ചെയ്യുന്നതിലൂടെ ഇത്തരം സംഘടനകൾക്ക് വിദേശ ധനവിനിമയം കൂടുതൽ ഉപയോഗയോഗ്യമാക്കുന്ന അവസ്ഥയാണുണ്ടാകുന്നത്. ഈ ആനുകൂല്യം ഒരു രാഷ്ട്രീയ ആയുധമായി മാറ്റുന്നതുവഴി സാധാരണ പൗരന്റെ ജനാധിപത്യ അവകാശങ്ങളാണ് ഹനിക്കപ്പെടുന്നത്.

2002-ലെ ഗുജറാത്ത് കലാപത്തിനിരയായവർക്ക് നീതി ലഭിക്കുന്നതിനുവേണ്ടി പോരാടിയ പൗരാവകാശ പ്രവർത്തക ടീസ്റ്റസെറ്റൽവാദ് മോദി ഗവണ്മെന്റിനെതിരെ ശക്തമായി പ്രതിഷേധിച്ചിരുന്നു. അവർ നേതൃത്വം നല്കുന്ന "യൂണിറ്റി ഫോർ പീസ് & ജസ്റ്റിസ് ആൻഡ് സബ്രാങ്ങ് ഇന്റർനാഷണൽ എന്ന സംഘടന അനധികൃതമായി വിദേശപണം സ്വീകരിച്ചുവെന്നാരോപിച്ച് കുറ്റം ചുമത്തപ്പെടുകയും സംഘടനയുടെ FCRA ലൈസൻസ് റദ്ദാക്കുകയും ചെയ്തു. ഗ്രീൻ പീസ് ഇൻഡ്യയുടെ പ്രിയ പിള്ളയെ ഇംഗ്ലണ്ടിൽ ഒരു കോൺഫറൻസിൽ പങ്കെടുക്കുവാൻ പോകവേ ഇന്ത്യയുടെ ദേശീയ താല്പര്യത്തിനു ഹാനി വരുത്തി എന്നാരോപിച്ച് വിമാനത്തിൽ തടയുകയും, സംഘടനയുടെ FCRA റദ്ദാക്കുകയും ചെയ്തു. മനുഷ്യാവകാശാധിഷ്ഠിതമായി പ്രവർത്തിക്കുന്ന ആംനെസ്റ്റി ഇന്റർനാഷണൽ പോലെയുള്ള എൻ.ജി.ഒകളെപ്പോലും വെറുതെ വിട്ടിട്ടില്ല.

FCRA ലൈസൻസ് റദ്ദാക്കുന്നതോടെ ഈ സംഘടനകൾക്ക് വിദേശ സംഭാവനകൾ സ്വീകരിക്കുവാൻ കഴിയാതെവരികയും പ്രവർത്തനങ്ങൾ മരവിപ്പിക്കുകയും ചെയ്യും. കാരണം ഇത്തരം സംഘടനകളെല്ലാം വിദേശ സംഭാവനകളാൽ മാത്രം മുമ്പോട്ടുപോകുന്നവയാണ്. രാജ്യാന്തര ഉറവിടങ്ങൾ ഇവരുടെമേലുള്ള രാഷ്ട്രീയ ദൃഷ്ടി മനസ്സിലാക്കിയോ അധികാരകേന്ദ്രങ്ങളിൽ നിന്നുള്ള ഭീഷണി ഭയന്നോ ഇവരെ സഹായിക്കുവാൻ മുതിരുകയില്ല. കഴിഞ്ഞ മൂന്നു പതിറ്റാണ്ടിനുള്ളിൽ നേടിയ ധനസ്ഥിതി വച്ചുനോക്കിയാൽ ഇന്ത്യയുടെ ജീവകാരുണ്യ മനോഭാവം ഇനിയും വളരെ മെച്ചപ്പെടേണ്ടതുണ്ട് എന്നു മനസ്സിലാകും.

ഏകദേശം 20,000 എൻ.ജി.ഒ കളുടെ FCRA ലൈസൻസാണ് ഇതുവരെ റദ്ദാക്കിയത്. FCRA ലൈസൻസിനെ അടിച്ചമർത്തലിനുള്ള ഉപകരണമാക്കുന്ന മോദി ഗവൺമെന്റിന്റെ നയത്തിനെതിരെ ഇതിൽ ചില സംഘടനകൾ ഒത്തുചേർന്ന് സംയുക്ത പ്രസ്താവന ഇറക്കി. ഈ നടപടിയെക്കുറിച്ച് ഒരു മനുഷ്യാവകാശ നിരീക്ഷകൻ അഭിപ്രായപ്പെട്ടത് "FCRA ലൈസൻസ് പുതുക്കാതിരിക്കുന്നത് പ്രഥമദൃഷ്ട്യാ നിയമപരമായോ വസ്തുതാപരമായോ കുറ്റകരമല്ല. വിദേശ ഫണ്ടുൾപ്പെടെയുള്ള സംഘടനകളുടെ ഫണ്ടിന്മേൽ ഗവണ്മെന്റ് പിടിമുറുക്കുന്നതുവഴി മനുഷ്യാവകാശം തടയപ്പെടുകയാണു ചെയ്യുന്നത്."

പേരുകേട്ട എൻ.ജി.ഒ കളായ ഗ്രീൻ പീസ്, ആംനെസ്റ്റി ഇന്റർനാഷണൽ തുടങ്ങിയ സംഘടനകളുമായി ഗവണ്മെന്റിന്റെ തുറന്ന യുദ്ധം, ഇൻഡ്യയിലെ ഗ്രാമാന്തരങ്ങളിൽ തികച്ചും ദരിദ്രരായി കഴിയുന്നവർക്കുവേണ്ടി പ്രവർത്തിക്കുന്ന ക്രിസ്തീയ എൻ.ജി.ഒ കളോടുള്ള ഒരു രഹസ്യപോരാട്ടം കൂടിയാണ്. ഇന്ത്യയിലുടനീളം 350 എൻ.ജി.ഒ കളിലായി 25000 വോളണ്ടിയർമാർ വഴി വിവിധ മനുഷ്യോന്മുഖ പ്രവർത്തനങ്ങൾ നടത്തുന്ന കത്തോലിക്കാ സഭയുടെ കാരിത്താസ് ഇന്റർനാഷണലും, ഇന്ത്യാ വിരുദ്ധ പ്രവർത്തനം ആരോപിക്കപ്പെട്ട് ഗവണ്മെന്റിന്റെ ഏകാധിപത്യ നടപടിക്ക് ഇരയായിരിക്കുകയാണ്.

നിയമപരമായോ, പ്രവർത്തനരംഗങ്ങളിലോ യാതൊരു വീഴ്ചയും വരുത്താതെ പ്രവർത്തിക്കുന്ന ക്രിസ്തീയ എൻ.ജി.ഒ കളെ മനഃപൂർവ്വം അടിച്ചമർത്തുവാനും ഇല്ലായ്മ ചെയ്യുവാനുമുള്ള ഗൂഢലക്ഷ്യമാണ് ഇവിടെ നടപ്പാക്കുന്നതെന്ന് നിസ്സംശയം മനസ്സിലാക്കാം. ആംനെസ്റ്റി ഇന്റർനാഷണലിന്റെയും മനുഷ്യാവകാശ നിരീക്ഷകരുടെയും സംയുക്ത പ്രസ്താവന വ്യക്തമാക്കുന്നത് എൻ.ജി.ഒ കളെ പിടിച്ചുകെ

ട്ടുവാൻ ഗവണ്മെന്റ് FCRA ഉപയോഗിക്കുന്നു എന്നാണ്. പൊതു താല്പര്യം, ദേശീയ താല്പര്യം തുടങ്ങിയ നിയമപരമായി വ്യക്തതയില്ലാത്ത പ്രയോഗങ്ങൾക്ക് അമിത പ്രാധാന്യം നല്കി രാജ്യത്ത് ഹിന്ദു ഐക്യം വളർത്തുന്നതിനുള്ള ശ്രമമാണിത്. ആർ.എസ്.എസ് നേതൃത്വം നല്കുന്ന ഹിന്ദുത്വ ആശയത്തെ വളർത്തുന്നതിനുള്ള "ദേശീയ താല്പര്യ"മാണ് ഇവിടെ സംരക്ഷിക്കപ്പെടുന്നത്.

(ലേഖകൻ ജോർജ് ഏബ്രഹാം, യു.എൻ മുൻ ചീഫ് ടെക്നോളജി ഓഫീസറും, അമേരിക്കയിൽ ഇന്ത്യൻ നാഷണൽ ഓവർസീസ് കോൺഗ്രസിന്റെ ചെയർമാനും ആണ്.)